ഉത്തരം

(എ) ചേർത്തല ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ സൗകര്യക്കുറവുകൾ പരിഹരിക്കുന്നതിനായി കൂടുതൽ സൗകര്യങ്ങളുള്ള ഒരു കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉടൻ തന്നെ പുതിയ കെട്ടിടത്തിലേക്ക് മാറുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതും മറ്റും ഇ.എസ്.ഐ. കോർപ്പറേഷന്റെ അധികാര പരിധിയിലുള്ള കാര്യങ്ങളാണ്. ഈ വിഷയം ഇഎസ്.ഐ. കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം

269 (977) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്ന് മുതലാണ് ഈ പദ്ധതി നടപ്പിലാക്കി തുടങ്ങിയത് ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി ; വിശദമാക്കുമോ ;

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) 2012-13 മുതലാണ് ഈ പദ്ധതി ആരംഭിച്ചത്.

(സി) 2012-13-ൽ 387 വിദ്യാർത്ഥികൾക്കും 2013-14-ൽ 206 വിദ്യാർത്ഥികൾക്കും പതിനായിരം രൂപ വീതം, ആകെ 593 വിദ്യാർത്ഥികൾക്കായി 59,30,000 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്കുകൂടി ഈ പദ്ധതി പ്രകാരം ക്യാഷ് അവാർഡ് നൽകുന്ന കാര്യം പരിഗണനയിലാണ്.

പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി

270 (978) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി കോളനികളിൽ വിജ്ഞാൻവാടി ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദമാക്കുമോ ;

(ബി) സ്വയംപര്യാപ്ത പട്ടികജാതി കോളനി പദ്ധതിയിൽ വിജ്ഞാൻവാടി പദ്ധതി കൂടി ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറും അതോടൊപ്പം ഒരു ലൈബ്രറിയും റീഡിംഗ് റൂമും സ്ഥാപിച്ച് കോളനി നിവാസികൾക്ക് ഉപകാരപ്രദമായ സേവനങ്ങൾ നൽകുന്ന 'വിജ്ഞാൻവാടി' പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) പരിശോധിക്കുന്നതാണ്.